LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ പ്രശ്നംമൂലം പൂട്ടിയ സ്ഥാപനങ്ങൾ

56 (4216) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ സംബന്ധമായ പ്രശ്നംമൂലം എത്ര സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ പൂട്ടിയിട്ട സ്ഥാപനങ്ങളിൽ ഏതെങ്കിലും വീണ്ടും തുറന്നു പ്രവർത്തിക്കുന്നുണ്ടോ ?

ഉത്തരം

(എ) രണ്ട്

(ബി) ഇല്ല. (ജില്ലാ ലേബർ ഓഫീസർ തലത്തിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുരഞ്ജന ചർച്ചകൾ നടന്നുവരുന്നു.)

ഡൈപെക്കിന്റെ പ്രവർത്തനങ്ങൾ

57 (4217) ശ്രീ. വി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സ്ഥാപനത്തിനു കീഴിൽ എവിടെയെല്ലാം ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയതായി എത്ര ഓഫീസുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സ്ഥാപനത്തിന്റെ സഹായത്താൽ കഴിഞ്ഞ 5 വർഷത്തിനകം എത്ര പേർക്ക് വിദേശജോലി ലഭിച്ചിട്ടുണ്ട് ;

(ഇ) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തിയത് എന്ന് വിശദമാക്കാമോ ; ഇതിൽ വിദഗദ്ധ-അവിദഗദ്ധ വിഭാഗത്തിൽപ്പെട്ടവരുടെ വിശദവിവരം ലഭ്യമാക്കുമോ ;

(എഫ്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ജി) പശ്ചിമേഷ്യൻ രാജ്യങ്ങളിലും യൂറോപ്പിലും കേരളത്തിൽ നിന്നുള്ള തൊഴിലാളികൾക്കും ഉദ്യോഗസ്ഥർക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഈ സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി അനുയോജ്യരായവരെ വിദേശ ജോലിക്കായി അയയ്ക്കുന്നതാണ് ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡിന്റെ (ഡൈപെക്) പ്രധാന പ്രവർത്തനം. ഇതിനുവേണ്ടി ഉദ്യോഗാർത്ഥികൾക്ക് ഡൈപെക്കിന്റെ ഡാറ്റാബാങ്കിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിദേശ തൊഴിൽദാതാവ് ആവശ്യപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സെലക്ഷനുവേണ്ടി അവർക്കു നൽകുന്നു. നിലവിൽ 25306 പേർ ഡൈപെക്കിന്റെ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 'ഐക്കാട്ട്' അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ വഴി തദ്ദേശീയവും, അന്തർദേശീയവുമായ വിമാനയാത്രാടിക്കറ്റുകളുടെ വിതരണവും നടത്തി വരുന്നു.

(ബി) ഇപ്പോൾ തിരുവനന്തപുരത്തു മാത്രമാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

(സി) കോഴിക്കോട് ഒരു ഓഫീസ് തുറക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനകം 311 പേർക്ക് വിദേശത്തു തൊഴിൽ നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സൗദി അറേബ്യ, ബഹറൈൻ, കുവൈറ്റ്, ഒമാൻ, മലേഷ്യ, ഖത്തർ, സിംഗപ്പൂർ, യു.എ.ഇ., യെമൻ, ശ്രീലങ്ക, ബ്രൂണൈ, സൈപ്രസ് എന്നീ രാജ്യങ്ങളിലേയ്ക്കാണ് ഉദ്യോഗാർത്ഥികളെ അയച്ചിട്ടുള്ളത്. 302 വിദഗ്ദ്ധ വിഭാഗത്തിൽപ്പെട്ടവരെയും 9 അവിദഗ്ദ്ധ വിഭാഗത്തിൽപ്പെട്ടവരെയുമാണ് അയച്ചിട്ടുള്ളത്.

(എഫ് & ജി) കൂടുതൽ വിദേശ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി മദ്ധ്യപൂർവ്വ രാജ്യങ്ങൾ സന്ദർശിക്കുന്നകാര്യം പരിഗണിനയിലുണ്ട്. ന്യൂഡൽഹിയിലുള്ള വിവിധ രാജ്യങ്ങളുടെ അംബാസിഡർമാരെയും, ഹൈക്കമ്മീഷണർമാരെയും നേരിൽ കണ്ട് അതതു രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ ഡൈപെക്കിന് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ശ്രമം തുടരുന്നുമുണ്ട്. വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതികാര്യാലയങ്ങളിലേയ്ക്ക് ഡൈപെക്കിന്റെ പ്രവർത്തനത്തെക്കുറിച്ച് അവിടത്തെ തൊഴിൽ ദായകരെ അറിയിക്കുന്നതിനുവേണ്ടി വിവരങ്ങൾ അയച്ചുകൊടുക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ്, പത്രമാസികകൾ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വിദേശ തൊഴിൽ ദായകരുടെ വിലാസത്തിൽ ഡൈപെക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കത്ത്മുഖേന അറിയിക്കുകയും റിക്രൂട്ട്മെന്റ് ഒഡെപെക് വഴി നടത്തുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് തസ്തിക മാറ്റം വഴിയുള്ള ഡ്രൈവർ നിയമനം

58 (4218) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി ഡ്രൈവർ തസ്തികയിലേയ്ക്ക് മാറ്റം കിട്ടുന്നതിനുവേണ്ടി ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായവരുടെ റാങ്ക്ലിസ്റ്റ് സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുണ്ടോ ;